## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 5917** — **28.10. 2011-ൽ മറുപടിക്ക്.**

### പോലീസ് വാഹനങ്ങൾക്കുള്ള ഇന്ധനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കേരളത്തിലെ ഓരോ പോലീസ് സ്റ്റേഷനുകളിലേക്കും പോലീസ് സർക്കിൾ സ്റ്റേഷനുകളിലേക്കും അനുവദിക്കുന്ന ഇന്ധനത്തിന്റെ അളവിൽ വ്യത്യാസമുണ്ടോ ; ഉണ്ടെങ്കിൽ വ്യത്യാസത്തിന്റെ മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ ;<br><br>(ബി) ഇവ ഏകീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ; | : (എ) & (ബി)<br>ഉണ്ട് ; ഓരോ സർക്കിൾ/പോലീസ് സ്റ്റേഷനുകളുടെ ദൂരപരിധി കണക്കാക്കിയും ആ പ്രദേശത്തെ ക്രമസമാധാന പ്രശ്നങ്ങളുടെ അടിസ്ഥാനത്തിലുമാണ് ഇന്ധനം അനുവദിക്കുന്നതിന്റെ മാനദണ്ഡം നിശ്ചയിച്ചിട്ടുള്ളത്. |
| (സി) അനുവദിക്കുന്ന ഇന്ധനത്തിന്റെ അളവ് വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ; | : (സി) അടിയന്തിര സാഹചര്യങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്നതിനനുസരിച്ച് അനുവദിച്ചിരിക്കുന്ന ഇന്ധനത്തിന്റെ അളവ് വർദ്ധിപ്പിച്ച് നൽകാറുണ്ട്. |

(.........2)

(ഡി) അനധികൃത മണൽ ഖനനം നടക്കുന്ന പ്രദേശങ്ങളിൽ പോലീസിന് അനുവദിച്ചിട്ടുള്ള ബോട്ടുകളിൽ എത്ര ലിറ്റർ ഇന്ധനമാണ് അനുവദിക്കുന്നത് ; ഇത് കൃത്യമായി ലഭ്യമാക്കാറുണ്ടോ ;

: (ഡി) ബോട്ടുകളിൽ ഇന്ധനം അനുവദിക്കുന്നതിന് പരിധി നിശ്ചയിച്ചിട്ടില്ല. ബോട്ടുകളിൽ ഇന്ധനം കൃത്യമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഇത് വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

: (ഇ) ഉത്തരം 'ഡി' കണ്ടാലും.

സെക്ഷൻ ഓഫീസർ